# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ് (എ.കെ.ജി.സി.ടി.)
# സംസ്ഥാന പ്രവർത്തകസമിതിയോഗം SWC 08/2025
# 22.09.2025 ഗൂഗിൾ മീറ്റ്

## മിനിട്സ്

**അജണ്ട**

1. സ്വാഗതം
2. അനുശോചനം
3. ജനറൽ സെക്രട്ടറി റിപ്പോർട്ട്
4. സംസ്ഥാന പ്രവർത്തക ക്യാമ്പ്
5. പ്രക്ഷോഭങ്ങൾ
6. മറ്റ് ആവശ്യമായ കാര്യങ്ങൾ

**ഹാജർ**

ഡോ. എൻ. മനോജ്, ഡോ. മുഹമ്മദ് റഫീഖ് ടി., ഡോ. മഞ്ജുള കെ. വി., ഡോ. വിനു ഭാസ്കർ, ഡോ. പ്രിൻസ് പി. ആർ., ഡോ. എം. എസ്. മുരളി, രഘുദാസ് പി. വി., ശശി സി. ടി., സന്തോഷ് ടി. വർഗീസ്, ഡോ. റിജുലാൽ ജി., ഡോ. സുമി ജോയി ഓലിയപ്പുറം, സോബിൻ വർഗ്ഗീസ് എം. വി., ഡോ. എസ്. സഞ്ജയ്, ഡോ. രജിത സി. ആർ., ഡോ. ഗായത്രിദേവി ജി., ഡോ. ഷാനവാസ് പി. എച്ച്., ഡോ. ശരത്ത് എസ്., ഡോ. വിനീത പി., ഡോ. രഞ്ജിത് മോഹൻ, ഡോ. രമണി കെ. കെ., ഡോ. ദീപ എ. കെ., ഡോ. ജയരാജ് ജെ., രാജു എം. സി., ഡോ. അജി പി.എൽ., ഡോ. വിഷ്ണു വി.എസ്., ഡോ. ഷജിലാ ബീവി എസ്., ഡോ.ആനന്ദ് ടി.എ., ഡോ. ദിനേശ് പി.കെ., ഡോ. മുഹമ്മദ് ബഷീർ ടി, ഡോ. റഹിം കെ, ഡോ. എ. ബാലകൃഷ്ണൻ, ഡോ. ബി. അശോക്, ഡോ. സെനോ ജോസ്, സുശാന്ത് പി., സജിത്ത് കുമാർ പി., ഡോ.ചന്ദ്രമോഹൻ കെ.ടി., ഡോ. മനോമോഹൻ ആന്റണി, ഡോ. സുനിൽരാജ് എൻ. വി., അനൂപ് ജെ. ആലക്കപ്പള്ളി, ഡോ. സജീവ് യു. എസ്., ഡോ. സുജ ടി. വി., ആൽബർട്ട് ആൻറണി ടി., ബ്രിജേഷ് എൻ. എസ്., ഡോ. ഹരിദാസൻ വി., ഡോ. രാഹുൽ കെ., ഡോ. ഷിബു പി.വി., ഡോ. ആസിഫ് ഇക്ബാൽ കാക്കശ്ശേരി, ഡോ. വിനീഷ്

രാത്രി 8 മണിക്ക് ഓൺലൈനായി ചേർന്ന സംസ്ഥാന പ്രവർത്തകസമിതി യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് ഡോ.എൻ മനോജ് അധ്യക്ഷത വഹിച്ചു. സംസ്ഥാന ട്രഷറർ ഡോ. മഞ്ജുള കെ.വി. അനുശോചന പ്രമേയം അവതരിപ്പിച്ചു.

**അനുശോചനം**

ഡോ. അൻസാർ ആർ.എൻ.: എ.കെ.ജി.സി.ടിയുടെ സജീവ പ്രവർത്തകനും സംഘടനയുടെ യൂണിറ്റ് സെക്രട്ടറി, പ്രസിഡന്റ്, തിരുവനന്തപുരം ജില്ലാ ജോയിന്റ് സെക്രട്ടറി എന്നിങ്ങനെ വിവിധ സംഘടനാ ചുമതലകൾ നിർവ്വഹിച്ചിരുന്നു. വിവിധ കോളേജുകളിൽ സേവനമനുഷ്ഠിച്ചതിനുശേഷം നാഷണൽ സർവ്വീസ് സ്കീമിന്റെ സംസ്ഥാന കോ-ഓർഡിനേറ്റർ ആയി നിയമിതനായി. അല്പദിവസം മുമ്പ് ഔദ്യോഗികമായ ഒരു ചടങ്ങിൽ പ്രസംഗിച്ചു കൊണ്ടിരിക്കേ കുഴഞ്ഞ് വീണ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. തുടന്ന് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ തുടരുന്ന ഘട്ടത്തിലാണ് 19/08/2025 ന് മരണം സംഭവിക്കുന്നത്. അദ്ദേഹത്തിന്റെ വേർപാട് സംഘടനയ്ക്കും, അക്കാദമിക് സമൂഹത്തിനും തീരാനഷ്ടമാണ്,

ഇടുക്കി പീരുമേട് എം. എൽ. എ വാഴൂർ സോമൻ, ഗാസയിൽ ഇസ്രയേൽ നടത്തുന്ന മനുഷ്യത്വ രഹിതമായ ആക്രമണത്തിൽ മരണപ്പെട്ടവർ, മുതിർന്ന

കോൺഗ്രസ് നേതാവ് പി. പി. തങ്കച്ചൻ തുടങ്ങിയവരുടെ വേർപാടിൽ എ.കെ.ജി.സി.ടി സംസ്ഥാന പ്രവർത്തകസമതിയോഗം അനുശോചനം രേഖപ്പെടുത്തുന്നു

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

സുഹൃത്തുക്കളെ,

യൂണിറ്റ് വിസിറ്റ്, മെമ്പർഷിപ്പ് പ്രവർത്തനം എന്നിവ എത്രയും വേഗം പൂർത്തീകരിക്കണം. പ്രിൻസിപ്പൽ നിയമനം സംബന്ധിച്ച കേസിൽ കോടതി ഉത്തരവ് വന്നു. കോടതിയുടെ നിർദ്ദേശാനുസരണമുള്ള സെലക്ഷൻ നടപടികൾ കോളേജ് വിദ്യാഭ്യാസ വകുപ്പ് 18/9/2025ന് പൂർത്തീകരിച്ചു. എത്രയും വേഗം പ്രിൻസിപ്പൽ നിയമനം നടക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ജൂലൈയിൽ ലഭിച്ച പ്ലെയ്സ്മെന്റ് അപേക്ഷകളിൽ മേലുള്ള നടപടികൾ ഉടനെ ആരംഭിക്കുന്നതാണ്.

എയ്ഡഡ് കോളേജ് സർവീസ് പരിഗണിക്കുന്ന വിഷയത്തിൽ താമസിയാതെ അനുകൂല തീരുമാനം ഉണ്ടാവും. സംഗീത കോളേജ് അധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനായി സർക്കാർ നിയമിച്ച സമതി കാര്യക്ഷമമായി റിപ്പോർട്ട് സമർപ്പിക്കുകയും, അതിൽ തീരുമാനം എടുപ്പിക്കുകയും വേണം.

മുഴുവൻ റിട്ടയർമെന്റ് ഒഴിവുകളിലും നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും എത്രയും വേഗം നിയമനം നടത്തുന്ന കാര്യത്തിൽ സംഘടന ആവശ്യമായ ഇടപെടൽ നടത്തിവരുന്നു. എത്രയും വേഗം അനുകൂല തീരുമാനം ഉണ്ടാകും എന്ന് പ്രതീക്ഷിക്കുന്നു. അടുത്ത ഗഡു ഡി.എ അനുവദിക്കുമ്പോൾ സർവ്വകലാശാല/ കോളേജ് അധ്യാപകർക്കും ലഭിക്കുന്നതിനാവശ്യമായ ഇടപെടൽ സംഘടന നടത്തുന്നതാണ്. ഈ വർഷത്തെ സംസ്ഥാന പ്രവർത്തകക്യാമ്പ് സമയബന്ധിതമായി നടത്തുന്ന കാര്യം ഇന്ന് ചർച്ച ചെയ്ത് തീരുമാനിക്കണം. സർവീസ് മേഖലയിലെ വിവിധ വിഷയങ്ങൾ ഉന്നയിച്ചു കൊണ്ട് നടത്തേണ്ട പ്രക്ഷോഭ പരിപാടിയും യോഗം ചർച്ച ചെയ്യണം. ഐഫെക്ടോയുടെ നേതൃത്വത്തിൽ സെപ്റ്റംബർ 13ന് പ്രധാനമന്ത്രിയുടെ മണ്ഡലമായ വരാണസിയിൽ നടന്ന പ്രതിഷേധ ധർണ്ണ പങ്കാളിത്തം കൊണ്ട് വൻ വിജയമായിരുന്നു. സർവ്വകലാശാലകളിൽ സംഘപരിവാർ അജണ്ട നടപ്പാക്കുന്നതിനെതിരെയുള്ള സർവ്വകലാശാല മേഖലാതല പ്രക്ഷോഭങ്ങൾ എത്രയും വേഗം നടത്തണം.

ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിനെ തുടർന്ന് അജണ്ടകളിന്മേലുള്ള വിശദമായ ചർച്ചകൾക്ക് ശേഷം താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തു.

**തീരുമാനങ്ങൾ**

1. ഈ വർഷത്തെ മെമ്പർഷിപ്പ് പ്രവർത്തനം/ യൂണിറ്റ് സന്ദർശനം എന്നിവ എത്രയും വേഗം പൂർത്തീകരിക്കണം.

2. ഈ വർഷത്തെ സംസ്ഥാന പ്രവർത്തക ക്യാമ്പ് 2025 ഒക്ടോബർ 25,26 തീയ്യതികളിൽ പാലക്കാട് ജില്ലയിലെ ധോണിയിൽ വെച്ച് നടത്തുവാൻ തീരുമാനിച്ചു.

3. സംസ്ഥാന പ്രവർത്തക ക്യാമ്പിന്റെ ഡയറക്ടറായി പാലക്കാട് ജില്ലാ സെക്രട്ടറി ഡോ. ബ്രിജേഷ് എൻ. എസിനെ തീരുമാനിച്ചു.

4. ദേശീയ വിദ്യാഭ്യാസനയം പിൻവലിക്കുക, ഏഴാം ശമ്പള പരിഷ്ക്കരണത്തിന്റെ ഭാഗമായുള്ള കേന്ദ്ര വിഹിതം അനുവദിക്കുക, സംസ്ഥാനത്തെ ഫെഡറൽ സംവിധാനം തകർക്കാനുള്ള കേന്ദ്ര നീക്കം അവസാനിപ്പിക്കുക, മുഴുവൻ റിട്ടയർമെന്റ് ഒഴിവുകളിലും നിലവിലുള്ള

റാങ്ക് ലിസ്റ്റിൽ നിന്നും എത്രയും വേഗം നിയമനം നടത്തുക, 2020ൽ സർക്കാർ കോളേജുകളിൽ അനുവദിച്ച കോഴ്സുകൾക്ക് പുതിയ തസ്തിക സൃഷ്ടിക്കുക, ഡി.എ കുടിശ്ശിക അനുവദിക്കുക, സംഗീത കോളേജ് അധ്യാപകർക്ക് യുജിസി അനുവദിക്കുക, അവരുടെ സർവീസ് പ്രശ്നം പരിഹരിക്കുക, പരിഷ്കരിച്ച സ്ഥലംമാറ്റ മാനദണ്ഡം പുറത്തിറക്കുക തുടങ്ങിയ വിഷയങ്ങൾ ഉന്നയിച്ചു കൊണ്ട് പ്രക്ഷോഭം സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.

5. സംസ്ഥാന പ്രവർത്തക ക്യാമ്പിന്റെ കാര്യപരിപാടി തയ്യാറാക്കുക, പ്രക്ഷോഭ പരിപാടി സംഘടിപ്പിക്കുക എന്നീ കാര്യങ്ങൾ യോഗം പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറർ എന്നിവരെ ചുമതലപ്പെടുത്തി.

യോഗം രാത്രി 9.30ന് അവസാനിച്ചു.

അഭിവാദ്യങ്ങളോടെ

തിരുവനന്തപുരം
22-09-2025

ഡോ. മുഹമ്മദ് റഫീഖ് ടി.
ജനറൽ സെക്രട്ടറി